സൂറ-20

# താഹാ

**ആയത്ത് 95 മുതൽ 97 വരെ**

വിചിത്രമെന്നു പറയട്ടെ, സാമിരി എന്ന വ്യാജൻ മൂസാ നബിക്കു മുമ്പിൽ രക്ഷപ്പെടാൻ കെട്ടിച്ചമച്ചതാണിതൊക്കെ എന്ന കഥ മറന്ന്, മലക്കുകളുടെയും പ്രവാചകന്മാരുടെയും പുണ്യാത്മാക്കളുടെയും പാദങ്ങൾ പതിഞ്ഞ മണ്ണിൽ ബർക്കത്തും ദിവ്യത്വവുമുണ്ടെന്നതിന് തെളിവായി ഇതിനെ കണ്ടവരുണ്ട്. ഗോപ്രതിമ മുക്രയിട്ടത് ആ മണ്ണിന്റെ കറാമത്തുകൊണ്ടു തന്നെ ആയിരുന്നുവെന്നാണവർ കരുതുന്നത്.

قَالَ فَمَا خَطْبُكَ يَـٰسَـٰمِرِيُّ ﴿٩٥﴾

**95.** മൂസാ സാമിരിയോടു ചോദിച്ചു: ഹേ സാമിരി, നിനക്കെന്താണ് പറയാനുള്ളത്?

قَالَ بَصُرْتُ بِمَا لَمْ يَبْصُرُوا۟ بِهِۦ فَقَبَضْتُ قَبْضَةً مِّنْ أَثَرِ ٱلرَّسُولِ فَنَبَذْتُهَا
وَكَذَٰلِكَ سَوَّلَتْ لِى نَفْسِى ﴿٩٦﴾

**96.** സാമിരി പറഞ്ഞു: ജനം ദർശിക്കാത്ത ചിലത് എനിക്ക് ദർശനം ലഭിച്ചു. ഞാൻ ദൂതന്റെ കാൽപാടിൽ നിന്ന് ഒരു പിടി മണ്ണെടുത്തു. എന്നിട്ടതു വിതറി. അങ്ങനെ ചെയ്യാൻ എന്റെ മനസ്സ് തോന്നിക്കുകയായിരുന്നു.

قَالَ فَٱذْهَبْ فَإِنَّ لَكَ فِى ٱلْحَيَوٰةِ أَن تَقُولَ لَا مِسَاسَ ۖ وَإِنَّ لَكَ مَوْعِدًا لَّن
تُخْلَفَهُۥ ۖ وَٱنظُرْ إِلَىٰٓ إِلَـٰهِكَ ٱلَّذِى ظَلْتَ عَلَيْهِ عَاكِفًا ۖ لَّنُحَرِّقَنَّهُۥ ثُمَّ
لَنَنسِفَنَّهُۥ فِى ٱلْيَمِّ نَسْفًا ﴿٩٧﴾

**97.** മൂസാ കൽപിച്ചു: കടന്നു പോ, ഇനി ജീവിത കാലം മുഴുവൻ 'എന്നെ തൊടരുതേ' എന്നു വിലപിച്ചു കഴിയേണ്ടി വരും നീ. വാഗ്ദാനം ചെയ്യപ്പെട്ട ഒരു വിചാരണാ സമയവും നിനക്കുണ്ട്. അതൊരിക്കലും ലംഘിക്കപ്പെടുന്നതല്ല. നോക്കുക, നീ ആരാധിച്ചു കൊണ്ടിരുന്ന ദൈവത്തെ നാമിതാ ചുട്ടുകരിച്ചു ഭസ്മമാക്കി കടലിൽ കലക്കാൻ പോകുന്നു.

പറഞ്ഞു (മൂസാ സാമിരിയോടു ചോദിച്ചു)=قَالَ
അപ്പോൾ നിന്റെ കാര്യം എന്താണ് ഹേ സാമിരീ (നിനക്ക് എന്താണ് പറയാനുള്ളത്)=فَمَا خَطْبُكَ يَـٰسَـٰمِرِيُّ
ഞാൻ കണ്ടു (എനിക്കു ദർശനം ലഭിച്ചു)=بَصُرْتُ (സാമിരി) പറഞ്ഞു=قَالَ
അപ്പോൾ ഞാൻ പിടിച്ചു=فَقَبَضْتُ ജനം കാണാത്തത് (ദർശിക്കാത്ത ചിലത്) =بِمَا لَمْ يَبْصُرُوا۟ بِهِۦ
ദൂതന്റെ അടയാളത്തിൽ നിന്ന് (കാൽപാടുകളിൽ നിന്ന്)=مِّنْ أَثَرِ ٱلرَّسُولِ ഒരു പിടി (മണ്ണ്)=قَبْضَةً
എനിക്ക് അനായാസമാക്കി (തോന്നിച്ചു)=سَوَّلَتْ لِى അങ്ങനെ (ചെയ്യാൻ)=وَكَذَٰلِكَ എന്നിട്ട് അത് ഇട്ടു (വിതറി) =فَنَبَذْتُهَا
നീ കടന്നുപോ=فَٱذْهَبْ പറഞ്ഞു (മൂസാ കൽപിച്ചു)=قَالَ എന്റെ മനസ്സ്=نَفْسِى
ഐഹിക ജീവിതത്തിൽ നിനക്ക് ഉണ്ട് (ഇനി നീ ഈ ജീവിതം മുഴുവൻ കഴിയേണ്ടി വരും)=فَإِنَّ لَكَ فِى ٱلْحَيَوٰةِ
സ്പർശനം ഇല്ല (എന്നെ തൊടരുതേ) എന്ന് =لَا مِسَاسَ നീ പറയൽ (വിലപിച്ചുകൊണ്ട്)=أَن تَقُولَ
അതൊരിക്കലും ലംഘിക്കപ്പെടുന്നതല്ല =لَّن تُخْلَفَهُۥ നിനക്ക് നിശ്ചിതമായ (വിചാരണാ) സമയമുണ്ട്=وَإِنَّ لَكَ مَوْعِدًا
നിന്റെ ദൈവത്തിലേക്ക് (ദൈവത്തെ ഇതാ)=إِلَىٰٓ إِلَـٰهِكَ നീ നോക്കുക=وَٱنظُرْ
നീ ഭജിച്ചിരുന്ന (ആരാധിച്ചുകൊണ്ടിരുന്നതായ)=ٱلَّذِى ظَلْتَ عَلَيْهِ عَاكِفًا
തീർച്ചയായും നാം അതിനെ ചുട്ടുകരിക്കും (കരിച്ച്)=لَّنُحَرِّقَنَّهُۥ
എന്നിട്ട് നാം അതിനെ ധൂളിയാക്കി ചിതറും (ഭസ്മമാക്കി കലക്കാൻ പോകുന്നു)=ثُمَّ لَنَنسِفَنَّهُۥ
ഒരു ചിതറൽ=نَسْفًا കടലിൽ=فِى ٱلْيَمِّ

## 95-97

**ഹാ**റൂനിന്റെ വിചാരണക്ക് ശേഷം മൂസാ (അ) സാമിരിയുടെ നേരെ തിരിഞ്ഞു. മൂലത്തിലെ خَطْبُكَ യെ നിനക്കുപറയാനുള്ളത് എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. خطب ന്റെ ഭാഷാർഥം താൽപര്യം (طلب)എന്നും ഗുരുതരമായ കാര്യം എന്നുമാണ്. ആപൽക്കരമായ കാര്യത്തെക്കുറിക്കാനാണ് അധികവും ഉപയോഗിക്കാറുള്ളത്. സമുദായ മുഖ്യരെയും ഹാറൂനിനെയും ചോദ്യം ചെയ്തതിനെ അപേക്ഷിച്ച് സൗമ്യമായിരുന്നു സാമിരിയുടെ വിചാരണയെന്ന് ചില വ്യാഖ്യാതാക്കൾ വിലയിരുത്തുന്നു. അതിനു വ്യത്യസ്തമായ രണ്ടു കാരണങ്ങളും ഉന്നയിക്കപ്പെട്ടിരിക്കുന്നു. ഹാറൂൻ സ്വന്തം സഹോദരനും പ്രവാചകനും വിദ്വാനുമായിരുന്നതുകൊണ്ടാണ് മൂസാ (അ) അദ്ദേഹത്തോട് പരുഷമായി സംസാരിച്ചത്. സാമിരിയാകട്ടെ, ദീനെന്തെന്നറിയാത്ത വെറുമൊരു പാമരനായിരുന്നു. അതുകൊണ്ടാണ് മൂസാ (അ) അയാളോട് മയത്തിൽ സംസാരിച്ചത്. മറ്റൊരഭിപ്രായം ഇങ്ങനെയാണ്. സാമിരി ഇസ്റാഈല്യനായിരുന്നില്ല. ഇസ്റാഈല്യരിൽ നുഴഞ്ഞു കടന്ന ഖിബ്തിയോ കിർമാനിയോ ആയിരുന്നു. മൂസാ നബി ഇസ്റാഈല്യരിലേക്കും ഫറവോനിലേക്കും അയാളുടെ പ്രമാണിമാരിലേക്കും മാത്രം നിയുക്തനായ പ്രവാചകനാണ്. ഇസ്റാഈല്യരല്ലാത്തവർ മൂസവീ ശരീഅത്ത് അനുസരിക്കാൻ ബാധ്യസ്ഥരായിരുന്നില്ല. അവർക്കും അതഭികാമ്യമായിരുന്നുവെന്ന് മാത്രം. ശരീഅത്ത് പാലിച്ചുകൊള്ളാമെന്ന് അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തവരോടുള്ള കാർക്കശ്യം അത്തരക്കാരോടാവശ്യമില്ല. ഇത് കേവലം നിഗമനമാണ്. രോഷാകുലനും ദുഃഖിതനുമായി സമുദായനേതാക്കളെയും ഹാറൂനിനെയും ചോദ്യചെയ്തതിന്റെ അനുബന്ധമാണ് സാമിരിയോടുള്ള ചോദ്യം. ആദ്യം സൂചിപ്പിച്ച കോപവും ദുഃഖവും അപ്പോഴും ഉണ്ടെന്ന് കരുതുന്നതാണ് ഉചിതം. വരുന്ന 97-ാം സൂക്തത്തിൽ നിന്ന് അതു വ്യക്തമാകുന്നുമുണ്ട്. മൂസാ നബി ഇസ്റാഈല്യരിലേക്ക് നിയുക്തനായ പ്രവാചകനാണെന്നത് ശരിതന്നെ. പക്ഷെ ഏതു പ്രവാചകനെയും വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുന്ന എല്ലാവരും - ഏതു വംശമായാലും- ആ പ്രവാചകന്റെ സമുദായത്തിൽ പെട്ടവരാകുന്നു. ആ പ്രവാചകന്റെ ശരീഅത്തു പാലിക്കാൻ അവർ ബാധ്യസ്ഥരുമാകുന്നു.

മൂസാ നബിയുടെ മുമ്പിൽ പിടിക്കപ്പെട്ടു എന്നുമനസ്സിലായ സാമിരി തന്റെ ചെയ്തികൾ ന്യായീകരിക്കാൻ സിദ്ധിയെയും ദർശനത്തെയും കൂട്ടുപിടിക്കുകയായിരുന്നു. ജനങ്ങളിൽ മറ്റാർക്കുമില്ലാത്ത ഒരു ദിവ്യദർശനം എനിക്കുണ്ടായി بَصُرْتُ بِمَا لَمْ يَبْصُرُوا എന്നാണ് മൂലവാക്യം. بصر -ൽനിന്നുള്ളതാണ് بَصُرْتُ . കണ്ണും കാഴ്ചയുമാണ് بصر. അന്തർ ദൃഷ്ടി, ക്രാന്തദൃഷ്ടി, ഉൾക്കാഴ്ച എന്ന അർഥത്തിൽ بصيرة എന്നും تبصرة എന്നും ഉപയോഗിക്കും. بَصُرَ യാണ് സാധാരണ ക്രിയാരൂപം ഉൾക്കാഴ്ചയെയും യാഥാർഥ്യ ജ്ഞാനത്തെയും പ്രത്യേകം സൂചിപ്പിക്കാനാണ് بَصُرَ എന്നുപയോഗിക്കുക. ദൈവദൂതൻ ആഗതനാകുന്നതായി തനിക്കു ദർശനമുണ്ടായെന്നാണ് സാമിരി പറയുന്നത്. ദൈവദൂതൻ എന്നതുകൊണ്ട് വിവക്ഷ ജിബ്രീൽ അല്ലെങ്കിൽ ജിബ്രീലിന്റെ കുതിര ആകാം. മൂസാ നബി തന്നെയുമാകാം. ദൂതന്റെ അല്ലെങ്കിൽ ദൂതൻ സഞ്ചരിച്ച കുതിരയുടെ കാൽപ്പാട് അനുഗൃഹീതവും അഭൗമസിദ്ധിയുള്ളതുമായി ഞാൻ കണ്ടു എന്നതാകും അപ്പോൾ അർഥം. നടക്കുന്നവർ അവശേഷിപ്പിക്കുന്ന കാലടയാളമാണ് أَثَر. ശേഷം, പൈതൃകം, അടയാളം എന്നീ അർഥങ്ങളിലും ഉപയോഗമുണ്ട്. ഇവിടെ أَثَرِ ٱلرَّسُولِ കൊണ്ട് വിവക്ഷ ദൂതന്റ കാൽപ്പാടാണ്. ആ കാൽപാടുകളിൽ പെട്ടെന്ന് സസ്യങ്ങൾ മുളച്ചു പൊന്തിയെന്നും അതു കണ്ട് ആ മണ്ണ് ജീവദായകമാണെന്ന് മനസ്സിലാക്കിയെന്നുമാണ് കഥകളിൽ പറയുന്നത്. ഞാൻ ആ അനുഗൃഹീതമായ കാൽപാടിൽ നിന്ന് ഒരു പിടി മണ്ണെടുത്തു നേരത്തെ വാർത്തുവെച്ച ഗോശിൽപത്തിൽ വിതറി. نبذ എന്ന പദത്തിന് എറിഞ്ഞു, ഇട്ടു, ഉപേക്ഷിച്ചു എന്നൊക്കെ അർഥമുണ്ട്. ദൂതന്റെ കാൽപാടുകളിൽ നിന്നുള്ള മണ്ണുവിതറിയപ്പോൾ പശുപ്രതിമക്ക് ജീവൻ വന്നു. അതു മുക്രയിടാൻ തുടങ്ങി. ഇങ്ങനെയൊക്കെ ചെയ്യാൻ എന്റെ മനസ്സ് എന്നെ പ്രേരിപ്പിക്കുകയായിരുന്നു എന്നാണ് وَكَذَٰلِكَ سَوَّلَتْ لِي نَفْسِي യുടെ വിവക്ഷ. തോന്നിച്ചു എന്നാണ് سَوَّلَتْ ന്റെ അർഥം. നല്ലതല്ലാത്ത സംഗതി നല്ലതായി തോന്നിക്കുന്നതിനാണ് ഇതുപയോഗിക്കാറുള്ളത്. സൂക്തത്തിലെ وَكَذَٰلِكَ എന്ന് തുടങ്ങുന്ന വാക്യം സാമിരിയുടെ ക്ഷമാപണമാണ്. അതായത്, ഇതൊന്നും ഞാൻ ചിന്തിച്ചു ചെയ്തതല്ല. ഒരു അഭൗമ ദർശനത്തിന്റെ - بَصِيرَة - പുറത്തു ചെയ്തുപോയതാണ്. ആ വെളിപാട് വ്യാജം അല്ലെങ്കിൽ വെറും ദിവാസ്വപ്നം ആയിരുന്നുവെന്നും, ചെയ്തത് മഹാ അബദ്ധമായെന്നും ഇപ്പോൾ എനിക്കു ബോധ്യമായിരിക്കുന്നു. കശ്ഫും കറാമത്തും പറഞ്ഞ് മൂസാ നബിയെ പറ്റിക്കാൻ കഴിയില്ലെന്നറിയാവുന്നതുകൊണ്ടാണ് ഒടുവിൽ അയാൾ കുറ്റം സമ്മതിച്ചത്.

സാമിരിയുടെ പ്രസ്താവനയെ പ്രതീകാത്മക വചനമായും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. അതനുസരിച്ചു അയാൾ പറയുന്നതിതാണ്: മറ്റുള്ളവർക്കില്ലാത്ത ഒരു വിദ്യ എനിക്കറിയാമായിരുന്നു- പ്രതിമാ നിർമാണവും അതിൽ നിന്ന് ശബ്ദം പുറപ്പെടുവിക്കുന്ന വിദ്യയും. എന്നാൽ പ്രവാചകന്മാർ പഠിപ്പിച്ച ജ്ഞാനത്തിന്റെ ചെറിയൊരു വിഹിതമേ എനിക്ക് കിട്ടിയിട്ടുള്ളൂ. ഇതാണ് فَقَبَضْتُ قَبْضَةً مِّنْ أَثَرِ ٱلرَّسُولِ എന്ന വാക്യത്തിന്റെ സാരം. أَثَرِ ٱلرَّسُولِ എന്നു പറയുന്നത് പ്രവാചകോപദേശങ്ങളും ചര്യകളുമാണ്. അതിൽ നിന്നുള്ള തുഛമായ വിഹിതം (نصيب) ആണ് قَبْضَةً. ആ തുഛമായ പ്രവാചക പാഠങ്ങളും ഞാൻ എറിഞ്ഞു കളഞ്ഞു, ഉപേക്ഷിച്ചു എന്നാണ് فَنَبَذْتُهَا എന്ന വാക്യത്തിന്റെ താൽപര്യം. ഇതനുസരിച്ച് സാമിരി എനിക്ക് ദർശനം ലഭിച്ചു -بصرت- എന്നു പറഞ്ഞത് തന്റെ ശിൽപ വൈഭവത്തെ കുറിച്ചാണ്, അല്ലാതെ ദിവ്യദർശനം അവകാശപ്പെട്ടതല്ല. അയാൾ ദൈവദൂതന്റെ, അല്ലെങ്കിൽ ദൂതന്റെ കുതിരയുടെ കാൽപാട് കാണുകയോ അതിൽ നിന്ന് മണ്ണെടുക്കുയോ ചെയ്തിട്ടുമില്ല. പ്രവാചകാധ്യാപനങ്ങൾ കാര്യമായി പഠിക്കാതിരിക്കുകയും പഠിച്ചിടത്തോളം തന്നെ തള്ളിക്കളയുകയും ചെയ്തപ്പോൾ ഇങ്ങനെയൊരു ഗോപ്രതിമയുണ്ടാക്കി ജനങ്ങളെ ആകർഷിക്കാൻ തോന്നുകയായിരുന്നു. അധിക പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ളത് ആദ്യത്തെ വ്യാഖ്യാനമാണ്.

വിചിത്രമെന്നു പറയട്ടെ, സാമിരി എന്ന വ്യാജൻ മൂസാ നബിക്കു മുമ്പിൽ രക്ഷപ്പെടാൻ കെട്ടിച്ചമച്ചതാണിതൊക്കെ എന്ന കഥ മറന്ന്, മലക്കുകളുടെയും പ്രവാചകന്മാരുടെയും പുണ്യാത്മാക്കളുടെയും പാദങ്ങൾ പതിഞ്ഞ മണ്ണിൽ ബർക്കത്തും ദിവ്യത്വവുമുണ്ടെന്നതിന് തെളിവായി ഇതിനെ കണ്ട

വരുണ്ട്. ഗോപ്രതിമ മുക്രയിട്ടത് ആ മണ്ണിന്റെ കറാമത്തുകൊണ്ടു തന്നെ ആയിരുന്നുവെന്നാണവർ കരുതുന്നത്.

പക്ഷേ, മൂസാ (അ) സാമിരിയുടെ ജൽപനത്തിന് ഒരു വിലയും കൽപിച്ചില്ല. അയാളുടെ മൊഴിയിൽ നിന്ന് മൂസാ നബി നന്നായി ഗ്രഹിച്ചത് അയാളുടെ കുടിലതയും ദുഷ്ടതയുമാണ്. അദ്ദേഹം സാമിരിയെ ശപിച്ചു. ഇനി ജീവിതകാലം മുഴുവൻ 'ഞാൻ മ്ലേഛനാണ്, എന്നെ ആരും തൊടരുതേ, ഞാനും ആരെയും തൊടുകയില്ല' എന്നു വിലപിച്ചുകൊണ്ട് നീ കഴിയേണ്ടിവരും. ഒപ്പം ഐഹിക ജീവിതത്തിനു ശേഷം പരലോകത്ത് അനിവാര്യമായും നേരിടേണ്ടിവരുന്ന ശാശ്വത ശിക്ഷയെക്കുറിച്ചോർമിപ്പിക്കുകയും ചെയ്തു. നിന്നെ ഞാൻ ആട്ടിപ്പായിക്കുന്നു എന്ന അർഥത്തിലാണിവിടെ إِذْهَبْ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. فِى ٱلْحَيَوٰةِ എന്നാൽ 'ജീവിതത്തിൽ' എന്നാണ് അർഥം. ജീവിതകാലം മുഴുവൻ അതു നിന്നെ വിട്ടു മാറുകയില്ല എന്നാണിവിടെ ആശയം. 'തൊടീൽ ഇല്ല' എന്നാണ് لَا مِسَاسَ -യുടെ ഭാഷാർഥം. ഞാൻ മ്ലേഛനാണ്, എന്നെ ആരും തൊടാൻ പാടില്ല, എനിക്കും ആരെയും തൊടാൻ പാടില്ല എന്നാണതിന്റെ താൽപര്യം. യഹൂദ നിയമത്തിൽ സമൂഹത്തിൽ നിന്ന് ബഹിഷ്കരിച്ചുകൊണ്ട് വ്യക്തികളെ ശിക്ഷിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ബൈബിൾ ലേവ്യ പുസ്തകം 7:20-21 വചനങ്ങളിൽ അതിന്റെ പരാമർശം കാണാം. ഈ ശിക്ഷക്ക് വിധേയനാകുന്നവൻ തികഞ്ഞ അസ്പൃശ്യനായിത്തീരുന്നു. അവന്റെ സുഖദുഃഖങ്ങളിൽ ആരും പങ്കെടുക്കില്ല. ആരാധനാലയങ്ങളിൽ അവന് പ്രവേശനമില്ല. അവന്റെ ശവസംസ്കാരത്തിൽപോലും സമുദായം പങ്കെടുത്തുകൂടാ. ഇതിനെക്കാൾ കൊടൂരമാണ് കുഷ്ഠരോഗികൾക്കുള്ള ശിക്ഷ. "കുഷ്ഠരോഗി കീറിയ വസ്ത്രം ധരിച്ച് തലമുടി അലക്ഷ്യമായി പറത്തിയിട്ട് മേൽച്ചുണ്ട് മറച്ചുപിടിച്ച് 'അശുദ്ധൻ, അശുദ്ധൻ' എന്നു വിളിച്ചുപറയണം. രോഗം ഉള്ളിടത്തോളം കാലം അയാൾ അശുദ്ധനായിരിക്കും. അശുദ്ധനാകയാൽ അയാൾ പാളയത്തിനു പുറത്ത്  ഒറ്റക്ക് കഴിയണം" (ലേവിയർ 13:45-46). ഈ ശിക്ഷയാണ് മൂസാ നബി സാമിരിക്കു നൽകിയിരിക്കുന്നത്. കുഷ്ഠരോഗിയുടെ ശിക്ഷ രോഗം മാറിയാൽ അവസാനിക്കു. പക്ഷേ മൂസാ (അ) സാമിരിക്കു കൽപിച്ച ശിക്ഷ അവന്റെ മരണം വരെ നീണ്ടുനിൽക്കുന്നതാണ്. അവന്റേത് ആത്മീയവും ആദർശപരവുമായ കുഷ്ഠമാണ്. ശാരീരിക കുഷ്ഠത്തെക്കാൾ വേഗത്തിൽ പകരുന്നതും ഏറെ അറപ്പുളവാക്കുന്നതുമാണത്. ഒരുവൻ താൻ അസ്പൃശ്യനാണെന്ന് സ്വയം വിളിച്ചു പറയുന്ന അവസ്ഥ അവന്റെ മ്ലേഛതയുടെ അസാന പടിയാണ്. ദീനുൽ ഇസ്‌ലാമിൽ വിഗ്രഹാരാധനാപരമായ ബിദ്അത്തുകൾ സൃഷ്ടിച്ചു പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർ കുഷ്ഠരോഗികളെപ്പോളെ അകറ്റിനിർത്തപ്പെടേണ്ടവരാണ് എന്ന പാഠവും ഇതിലടങ്ങിയിരിക്കുന്നു.

സാമിരി സൃഷ്ടിച്ച ദൈവത്തെ കുറിച്ച് മൂസാ (അ) പറഞ്ഞു: "നോക്ക്, നിന്റെ ദൈവത്തെയിതാ നിന്റെ കൺമുമ്പിൽ വെച്ച് ചുട്ടു ഭസ്മമാക്കി കടലിൽ കലക്കുകയാണ്. വിഗ്രഹാരാധനയോടൊപ്പം വിഗ്രഹാരാധനയുടെ ചിഹ്നങ്ങളും വർജ്ജിക്കപ്പെടേണ്ടതുള്ളതിനാലാണ് മൂസാ നബി ഈ നടപടി പ്രഖ്യാപിച്ചത്. ചിഹ്നങ്ങൾ അതേ പടി അവശേഷിച്ചാൽ അവസരം കിട്ടുമ്പോഴൊക്കെ ബഹുദൈവത്വവും വിഗ്രഹ ഭക്തിയും തല പൊക്കിക്കൊണ്ടിരിക്കും. വിഗ്രഹങ്ങളിൽ ദിവ്യചൈതന്യമോ ശക്തിയോ ഒട്ടുമില്ലെന്നും അവ കേവലം നിർജ്ജീവ പദാർഥങ്ങളാണെന്നും വിഗ്രഹാരാധകർക്ക് കാണിച്ചുകൊടുക്കുക എന്നതും ഇത്തരം വിഗ്രഹഭഞ്ജനത്തിന്റെ ലക്ഷ്യമാകുന്നു. മക്കാ വിമോചന വേളയിൽ കഅ്ബയിലെ വിഗ്രഹങ്ങളെല്ലാം നശിപ്പിക്കാൻ നബി(സ) കൽപിച്ചത് ഈയടിസ്ഥാനത്തിലാണ്. നബി(സ)യും ശിഷ്യന്മാരും ബൈഅത്തുർരിദ്‌വാൻ നടത്തിയത് ഹുദൈബിയയിലെ ഒരു മരച്ചുവട്ടിൽ ഇരുന്നുകൊണ്ടാണ്. നബിയുടെ കാലശേഷം ആളുകൾ ആരാധനാ ഭാവത്തോടെ ആ മരത്തെ സമീപിക്കുന്നതു കണ്ട് ഉമർ(റ) അതു മുറിച്ചു കളയുകയുണ്ടായി. ആളുകൾ അതിനെ ഒരാരാധ്യവസ്തുവാക്കുമോ എന്ന ഭയമായിരുന്നു അതിനു കാരണം. എന്നിട്ടും ഈസാ നബിയുടെ അങ്കിയും മുഹമ്മദ് നബിയുടെ 'പാനപാത്രവും' 'മുടിക്കെട്ടും' മറ്റു പുണ്യവാളന്മാരുടെ പലതരം ഭൗതികാവശിഷ്ടങ്ങളും ഇന്നത്തെ ആത്മീയ മാർക്കറ്റിൽ ഏറ്റം ലാഭകരമായി വിൽക്കപ്പെടുന്ന കള്ളച്ചരക്കുകളാണ്; എന്നിരിക്കെ ഉമർ(റ) അന്ന് അങ്ങനെയൊരു മാതൃക സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു അവസ്ഥ!

സാമിരിക്കഥയുമായി ബന്ധപ്പെട്ട് ചിലർക്ക് ഒരു സംശയമുണർന്നേക്കാം. ഗോപൂജയുടെ പേരിൽ മൂസ(അ) വളരെപ്പേർക്ക് വധശിക്ഷ വിധിച്ചതായി *സൂറ അൽബഖറ* 54-ാം സൂക്തം സൂചിപ്പിക്കുന്നു. ഈ കുഴപ്പത്തിന്റെ മൂലകാരണക്കാരനായിട്ടും സാമിരിക്കു വധശിക്ഷ വിധിക്കാതെ, ശപിച്ചു വിട്ടയച്ചതെന്തേ? വധത്തെക്കാൾ കൊടൂരവും മറ്റുള്ളവർക്ക് പാഠമാകുന്നതുമായിരുന്നു സാമിരിക്ക് ലഭിച്ച ശിക്ഷ എന്നതാണതിനു പണ്ഡിതന്മാർ മറുപടി നൽകുന്നത്. വധശിക്ഷ ഒരു നിമിഷം കൊണ്ട് അവസാനിക്കും. മറ്റുള്ളവർക്ക് അതിൽ നിന്നു ലഭിക്കുന്ന പാഠവും താൽക്കാലികമായിരിക്കും. ശാപഗ്രസ്തത പക്ഷേ ഇഹത്തിലും പരത്തിലും അയാളോടൊട്ടി നിൽക്കുന്നു. ജീവിത കാലം മുഴുവൻ 'ഞാൻ നീചനാണേ, അസ്പൃശ്യനാണേ'എന്ന് സ്വന്തം നാവുകൊണ്ട് വിളിച്ചു പറഞ്ഞു നടക്കേണ്ടിവരുന്നവന്റെ ശോചനീയാവസ്ഥ ഒന്ന് സങ്കൽപിച്ചു നോക്കുക! പ്രവാചകന്മാരുടെ ശാപമാകട്ടെ, അതേൽക്കുന്നവർക്ക് അതിൽ നിന്ന് ഓടിയകലാനാവില്ല. എവിടെ പോയാലും അയാൾ ശാപഗ്രസ്തൻ തന്നെ ആയിരിക്കും; ഇഹത്തിലും പരത്തിലും.

സാമിരി നിർമിച്ച പശുപ്രതിമ ചുട്ട് ഭസ്മമാക്കി കടലിൽ കലക്കിക്കളഞ്ഞുവെന്നാണല്ലോ ഖുർആൻ പറയുന്നത്. മൂസാ നബി വിഗ്രഹഭസ്മം വെള്ളത്തിൽ കലക്കി ജനങ്ങളെ കുടിപ്പിച്ചു എന്നാണ് ഇസ്റാഈലി കഥ. പരമാവധി നശിപ്പിക്കുന്നതിന്റെയും നിന്ദിക്കുന്നതിന്റെയും രൂപമാണ് ചുട്ടുകരിച്ച് കടലിൽ കലക്കുക എന്നുള്ളത്. ആ ജലം ശിഷ്യന്മാരെ കുടിപ്പിച്ചു എന്നു പറയുമ്പോൾ ഈ ഭസ്മീകരണത്തിന്റെ അർഥം നേർവിപരീതമാകും. കത്തിക്കപ്പെട്ട വസ്തുവിനോടുള്ള ആദരവിനെയും സ്നേഹത്തെയുമായിരിക്കും അത് സൂചിപ്പിക്കുന്നത്. ഈ കഥ സത്യമാണെങ്കിൽ, വേദവാഹകരായിട്ടും ശിർക്ക് ഇസ്രാഈല്യരെ വിടാതെ പിന്തുടരുന്നത് ഈ വിശുദ്ധപാനീയത്തിന്റെ അനുഗ്രഹമായിട്ടാണെന്നും അംഗീകരിക്കേണ്ടിവരും. ഇസ്രാഈലി നിവേദനങ്ങളിൽ ആകൃഷ്ടരായ ചിലർ *അൽബഖറ* 93-ാം സൂക്തത്തിലെ وَأُشْرِبُوا۟ فِى قُلُوبِهِمُ ٱلْعِجْلَ بِكُفْرِهِمْ അവരുടെ സത്യനിഷേധം കൊണ്ട്,അവരുടെ ഹൃദയങ്ങളിൽ കാളക്കിടാവ് കുടിക്കപ്പെട്ടു എന്ന വാക്യം ഈ ഭസ്മജലപാനത്തെ സൂചിപ്പിക്കുന്നതായും കരുതുന്നു. ■